**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 532** **08-10-2024 - ൽ മറുപടിയ്ക്ക്**

**കൂരാച്ചുണ്ട് വാതക ശ്മശാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ വാതക ശ്മശാനം നിർമ്മിക്കുന്നതിന് കിഫ്ബി സാമ്പത്തിക അനുമതി നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച ഫയൽ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ അറിയിക്കാമോ? | (എ) | ബാലുശ്ശേരി കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ വാതക ശ്മശാനം നിർമ്മിക്കുന്നതിന് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടില്ല. ടി പദ്ധതിയുടെ ഡി പി ആർ പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ടി ഡിപിആർ അവലോകനം നടത്തുന്നതിന്റെ ഭാഗമായി പ്രസ്തുത സ്ഥലം കിഫ്ബി അധികൃതർ 17.04.2024-ൽ സന്ദർശിക്കുകയും, ഡിപിആർ-ൽ തിരുത്തലുകൾ വരുത്തുന്നതിനായി ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട്-1, 03-05-2024 ന് പദ്ധതി നിർവ്വഹണ ഏജൻസിക്ക് നൽകുകയും ചെയ്തിരുന്നു. ടെക്നിക്കൽ അവലോകന റിപ്പോർട്ട്-1 അനുസരിച്ച് പരിഷ്കരിച്ച ഡിപിആർ 26.07.2024 ൽ പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇത് കിഫ്ബിയിൽ പരിശോധിക്കുകയും പരിഷ്കരിച്ച ഡിപിആർ തൃപ്തികരമല്ലാത്തതിനാൽ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട്-2 04.09.2024 ന് പദ്ധതി നിർവ്വഹണ ഏജൻസിക്ക് നൽകിയിരുന്നു. ഇതിനുള്ള മറുപടി പദ്ധതി നിർവ്വഹണ ഏജൻസി ഇതുവരെ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ